ശ്രീമതി കെ. ആർ. ഗൗരി : ആലപ്പുഴ ജില്ലയിൽ 2.2 ലക്ഷം രൂപ കൊടുത്തുവെന്നു പറഞ്ഞു. അത് കുട്ടനാട് താലൂക്കിൽ മാത്രമാണെന്നും ചേർത്തല താലൂക്കിൽ ഉപ്പുകയറി മുഴുവൻ കൃഷിയും പോയിട്ടും അതിനു ഇതുവരെയാരെങ്കിലും നഷ്ടപരിഹാരവും കൊടുത്തിട്ടില്ലെന്നുമുള്ള വസ്തുത അറിയാമോ? കുട്ടനാട്ടിൽ മാത്രമാണ് കൊടുത്തത്.

ശ്രീ. എ.എൽ. ജേക്കബ് : ആലപ്പുഴ ജില്ലയിൽ മാത്രമാണ് കൊടുത്തത്. ഏകദേശം 740 ഹെക്ടർ സ്ഥലത്താണ് അവിടെ കൃഷിനാശമുണ്ടായത്. 876 പേർക്ക് കൊടുത്തു. ആകെ 2.22 ലക്ഷം രൂപയാണ് കൊടുത്തത്.

ശ്രീ. പി.കെ.കെ. ബാവ : വരൾച്ചമൂലം ഉണ്ടായിട്ടുള്ള കൃഷി നാശത്തിന്റെ കണക്ക് പ്രത്യേകമായി ജില്ലകൾ തിരിച്ച് ശേഖരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ തൃശ്ശൂർ ജില്ലയിൽ എത്രയാണ് ഇതുമൂലമുണ്ടായിട്ടുള്ള കൃഷി നാശമെന്ന് വ്യക്തമാക്കാൻ തയ്യാറാകുമോ ?

ശ്രീ. എ.എൽ. ജേക്കബ് : ജില്ലതിരിച്ചുള്ള കണക്ക് കിട്ടിയിട്ടില്ല.

അരിയുടെ മാർക്കറ്റ് വില

*287 [345] ശ്രീ. ഇ. പത്മനാഭൻ :

ശ്രീമതി കെ. ആർ. ഗൗരി :

ശ്രീ. ഒ. ഭരതൻ :

ശ്രീമതി പി. ദേവൂട്ടി :

ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴത്തെ ഒരുകിലോ അരിയുടെ മാർക്കറ്റ് വില എന്താണ് ;

(ബി) അരിയുടെ വില വർദ്ധനവിലുള്ള കാരണമെന്താണ ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) ഓപ്പൺ മാർക്കറ്റിൽ നാടൻ അരിയിനങ്ങൾക്ക് കിലോഗ്രാമിന് 3 രൂപ 70 പൈസ മുതൽ 5 രൂപ 30 പൈസവരേയും വെള്ളയരിയിനങ്ങൾക്ക് 3 രൂപ 20 പൈസ മുതൽ 3 രൂപ 90 പൈസ വരേയും ചില്ലറ വിൽപനവിലയുണ്ട്. സിവിൽസപ്ലൈസ് കോർപ്പറേഷൻ 2 രൂപ 55 പൈസ നിരക്കിൽ പൊതുവിപണിയിൽ അരി വിൽക്കുന്നുണ്ട്.

(ബി) മിച്ച സംസ്ഥാനങ്ങളിൽ അരി വിലയിലുണ്ടാകുന്ന വർദ്ധന, അരിയുടെ ലഭ്യത, വാഗൺ ലഭ്യത, ചരക്കുകൂലിയുടെ വർദ്ധന, മറ്റ് വാഹന സൗകര്യങ്ങൾ, കയറ്റിറക്ക് ചെലവ് എന്നിവയാണ് വിലയിൽ ഉണ്ടാകുന്ന വർദ്ധനവിന് കാരണം.

ശ്രീ. ഇ. പത്മനാഭൻ : കേരളത്തിലെ മിച്ച സംസ്ഥാനങ്ങളിലെ വില വർദ്ധനവുകൂടെ ഈ വില വർദ്ധനവിനു കാരണമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. സിവിൽസപ്ലൈസ് കോർപ്പറേഷൻ ആന്ധ്രായിൽ നിന്ന് ഈ പഞ്ഞമാസത്തിലേക്കും ഓണക്കാലത്തേക്കും അരി വാങ്ങിയത് അവിടത്തെ മാർക്കറ്റ് നിലവാരത്തിൽനിന്നും വളരെ ഉയർന്ന തോതിലാണ് (ഒരു കിലോഗ്രാമിന് മുപ്പതും മുപ്പത്തിയഞ്ചും പൈസാകണ്ട് വർദ്ധിച്ച തോതിലാണ്) എന്നുള്ള ആക്ഷേപമുണ്ട്. അതുപോലെതന്നെ ആന്ധ്രായിലെ അരി മാർക്കറ്റിൽതന്നെ കേരള ഗവൺമെന്റ് ചില പ്രത്യേക കച്ചവടക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

സൗജന്യം ചെയ്തിരിക്കുന്നു എന്നുള്ള ഒരു ആക്ഷേപവുമുണ്ട്. ഇതൊക്കെ പത്രങ്ങളിൽ വന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; അതിൽ എന്തെങ്കിലും വസ്തുതയുണ്ടോ ; അങ്ങനെ ഉയർന്ന നിരക്കിൽ അരി മാർക്കറ്റിൽനിന്നു വാങ്ങാനുള്ള കാരണമെന്താണ് ?

ശ്രീ. യു. എ. ബീരാൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയല്ല. ഒന്നുരണ്ടു പത്രങ്ങളിൽ ഇങ്ങനെയുള്ള വാർത്തകളുണ്ടായിരുന്നു. ആ വാർത്ത അടിസ്ഥാനരഹിതമാണ്. സിവിൽസപ്ലൈസ് കോർപ്പറേഷന് ആവശ്യമുള്ള അരിക്ക് ടെൻഡർ വിളിച്ചിരുന്നു. ആ ടെൻഡർ അനുസരിച്ച് കോട്ട് ചെയ്തു. ആ റേറ് ആന്ധ്രാ മാർക്കറ്റിലുള്ള റേറിൽ കൂടുതലല്ല. കുറഞ്ഞ റേറിൽ ആണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. ഇ. പത്മനാഭൻ : സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണത്തിനാവശ്യമായ അരി ആന്ധ്രായിൽനിന്ന് മാത്രമായിട്ട് വാങ്ങാനുണ്ടായ കാരണം എന്താണ് ? മറ് സംസ്ഥാനങ്ങളിൽ, അരി ലഭ്യമാകുന്ന സ്ഥലങ്ങളിൽനിന്ന് വാങ്ങാനുള്ള നടപടി സ്വീകരിക്കാത്തതിന്റെ കാരണം എന്താണ് ?

ശ്രീ. യു. എ. ബീരാൻ : കേരളത്തിലെ ആളുകൾക്ക് കൂടുതൽ ഇഷ്ടമുള്ളത് ആന്ധ്രായിലെ പുഴുക്കലരിയാണ്. അതുകൊണ്ടാണ് ആന്ധ്രാ മാർക്കറ്റിൽനിന്ന് വാങ്ങാൻ ഉദ്ദേശിക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി : സിവിൽ സപ്ലൈസ് കോർപ്പറേഷൻ, മാവേലി സ്റേറാറുകളും അതുപോലുള്ള സ്ഥാപനങ്ങളും മുഖേന വളരെ കൂടുതൽ അരിവിതരണം ചെയ്യുന്നു എന്ന് പറഞ്ഞു. കഴിഞ്ഞ രണ്ട് മാസമായി ഇത്തരത്തിലുള്ള വിതരണമെക്കെ നടന്നിട്ടും അരിയുടെ വില ക്രമാതീതമായി ദിവസേന ഉയർന്നുകൊണ്ടിരിക്കുന്നതെന്താണ് ?

ശ്രീ. യു. എ. ബീരാൻ : മിച്ചമായി അരി ഉണ്ടാകുന്ന സംസ്ഥാനങ്ങളിലെ അരി മാർക്കറ്റിന്റെ നിലവാരത്തെ ആശ്രയിച്ചും അവിടെനിന്ന് ഇങ്ങോട്ട് അരി കൊണ്ടുവരുന്നതിനുള്ള സൗകര്യങ്ങളെ ആശ്രയിച്ചുമൊക്കെയാണ് ഇവിടത്തെ വിലനിലവാരം ഇരിക്കുന്നത്. അത് മാത്രമല്ല നമ്മുടെ സംസ്ഥാനം അരിക്കുവേണ്ടി മറ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഒരു സംസ്ഥാനമായതുകൊണ്ട് സ്വാഭാവികമായും ഉല്പാദനം അധികമുണ്ടാകുന്ന മിച്ച സംസ്ഥാനങ്ങളിൽ അരിക്കുണ്ടാകുന്ന മാർക്കറ്റിലെ വിലനിലവാരം നമ്മുടെ മാർക്കറ് നിലവാരത്തെയും ബാധിക്കുന്നു.

ശ്രീമതി. കെ. ആർ. ഗൗരി : സിവിൽസപ്ലൈസ് കോർപ്പറേഷൻ അരി ക്രമമായി എല്ലാപേർക്കും വിതരണം ചെയ്യത്തക്ക വിധത്തിൽ ഉള്ള ഒരു നടപടി എടുക്കണം. ഇന്നിപ്പോഴും മിക്കവാറും പേർക്ക് കിട്ടുന്നില്ല. ഇപ്പോഴും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി കൊടുക്കുന്ന അരിക്കുവേണ്ടി പോയി ക്യൂ നില്ക്കണം. കുറച്ച് ആളുകൾ മാത്രമേ ഇത് വാങ്ങാൻ ഉള്ളു. ക്രമമായി, നല്ല അരി വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്താൽ (ഇപ്പോഴും ചിലപ്പോഴൊക്കെ ഇരുമ്പരി കൊടുക്കുന്നു) മാർക്കറ്റിൽ വില സ്വാഭാവികമായി കുറയുകയില്ലേ ?

ശ്രീ. യു. എ. ബീരാൻ : അതിനുള്ള നടപടിതന്നെയാണ് കോർപ്പറേഷൻ എടുത്തുകൊണ്ടിരിക്കുന്നത്. കോർപ്പറേഷന്റെ ഔട്ട്-ലെറുകൾ മുഖാന്തിരം മാത്രമേ ഇത് വിതരണം ചെയ്യാൻ കഴിയു. അതിനുവേണ്ടിയുള്ള നടപടികളാണ് എടുത്തുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. ഭരതൻ : അരിയുടെ വിലക്കയറ്റത്തോടനുബന്ധിച്ച് മറ്റെല്ലാ നിത്യോപയോഗ സാധനങ്ങളുടേയും വില ക്രമാതീതമായി വർദ്ധിക്കുന്നു എന്നുള്ളത് കണക്കിലെടുത്ത് അരിയുടെ വിലവർദ്ധന തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. യു. എ. ബീരാൻ : അരിയുടെ വില വർദ്ധിക്കുമ്പോഴും മറ്റ് സാധനങ്ങളുടെ വിലയിലും വർദ്ധനവ് ഉണ്ടാകുന്നുണ്ട് ; ക്രമാതീതമായ വർദ്ധനവുണ്ടായിട്ടില്ലെങ്കിലും അല്പം വർദ്നവ് ഉണ്ടായിട്ടുണ്ട്. ആ വർദ്ധനവ് നിയന്ത്രിക്കാൻവേണ്ടി ഗവൺമെൻറ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളിലൂടെ അരിക്കുപുറമേ പല വ്യഞ്ജനങ്ങളും അതുപോലുള്ള സാധനങ്ങളും വിതരണം ചെയ്യുന്നുണ്ട്. അരിയുടെയുടേയും മറ്റ് നിത്യോപയോഗ സാധനങ്ങളുടേയും വിലയിലുണ്ടാകുന്ന വർദ്ധനവ് നിയന്ത്രിക്കുവാൻ ജില്ലാകളക്ടർമാർക്കും സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികളും നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ഒ. ഭരതൻ : പൊതുമാർക്കറ്റിൽ ഓരോ ഇനം അരിക്കും നിശ്ചയിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ വില വസൂലാക്കുന്ന കച്ചവടക്കാർക്കെതിരായി കർശന നടപടി സ്വീകരിക്കുന്നതിന് ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. യു. എ. ബീരാൻ : അങ്ങനെ അരിയുടെ വിലനിലവാരം നിശ്ചയിച്ചു ചെയ്യണമെന്ന് കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ഇന്നലെ ഞാൻ ഒരു സബ്മിഷനു മറുപടിയായി ഇവിടെ പറഞ്ഞു. കൊല്ലം ജില്ലാ കളക്ടർ കച്ചവടക്കാരുടെ യോഗം വിളിച്ചുകൂട്ടി അവിടെ അരിക്ക് വില 3 രൂ. 40 പൈസയേ പാടുള്ളൂ എന്ന് നിശ്ചയിച്ചിരിക്കുകയാണ്. കൊല്ലം ജില്ലാ കളക്ടർ ചെയ്തത് വളരെ നല്ല ഒരു കാര്യമാണ്. അതുപോലെ കൊച്ചിയിലേയും കോഴിക്കോട്ടേയും കച്ചവടക്കാരെ വിളിച്ച് ഇതുപോലെ നിർദ്ദേശിക്കണമെന്നും അതാത് കളക്ടർമാർക്ക് നിർദ്ദേശം നല്കിയിരിക്കുകയാണ്.

ശ്രീമതി പി. ദേവുട്ടി : അരിയുടെ വില ദിവസേനയെന്നോണം കുതിച്ചുകയറുകയല്ല. രാവിലെ ഒരു വിലയാണെങ്കിൽ വൈകുന്നേരം മറ്റൊരു വില. ഇത്തരത്തിൽ പല സമയങ്ങളിലും പല വിലയായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സാധാരണക്കാർ വളരെ കഷ്ടപ്പെടുകയാണ്. ഓരോ പഞ്ചായത്തിലും സഹകരണ മാവേലിസ്റ്റോറുകളും തുറക്കുകയും ആവശ്യമുള്ളത്ര അരി സഹകരണ മാവേലിസ്റ്റോറുകളിലൂടെ വിതരണം ചെയ്യുകയും ചെയ്യാൻ സാധിക്കുമോ ?

ശ്രീ. യു എ. ബീരാൻ : അതുതന്നെയാണ് ഗവൺമെൻറിന്റെ നയം. അതനുസരിച്ച് 1458 സഹകരണമാവേലിസ്റ്റോറുകളും ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇനിയും എവിടെയെങ്കിലും സഹകരണമാവേലിസ്റ്റോറുകൾആവശ്യമാണെന്നുണ്ടെങ്കിൽ, ജില്ലാകളക്ടർമാർ ചെയർമാൻമാരായിട്ടുള്ള കമ്മിറ്റികളെ അതിന്റെ ആവശ്യം അറിയിച്ചാൽ അവർ അതനുസരിച്ച് ചെയ്യുന്നതാണ്.

ശ്രീമതി പി. ദേവുട്ടി : ഓരോ ദിവസവും ഉള്ള അരിയുടെ വില ബോർഡുകളിൽ എഴുതി തൂക്കിയിടുന്നതിനും ജനങ്ങൾക്ക് അത് മനസ്സിലാക്കത്തക്ക വിധത്തിലുള്ളതാക്കുന്നതിനുവേണ്ട എന്തെങ്കിലും ഏർപ്പാട് ഉണ്ടാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ : ഇതുസംബന്ധിച്ച് കർശനമായ നിർദ്ദേശം ജില്ലാ കളക്ടർമാർക്കും അതോടൊപ്പംതന്നെ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥൻമാർക്കും നല്കിയിട്ടുണ്ട്. കൺട്രോൾ ഓർഡർ അനുസരിച്ച് ഉള്ള വിലനിലവാരപ്പട്ടികയും സ്റ്റോക്ക് വിവരപ്പട്ടികയും കച്ചവടക്കാർ പ്രദർശിപ്പിക്കണം, അത് നിഷ്കർഷമായി പരിശോധിക്കണമെന്ന നിർദ്ദേശവും നല്കിയിട്ടുണ്ട്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : അരിയുടെ വില നിയന്ത്രിക്കാൻ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥൻമാർക്കും ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് പറഞ്ഞു. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കളക്ടർ മാത്രം കർശനമായി നടപടി സ്വീകരിച്ചു. അതുകാരണം കൊല്ലത്തെ വ്യാപാരികളും ആന്ധ്രാ മാർക്കറ്റിൽനിന്ന അരി എടുക്കാത്തതുമൂലം കൊല്ലത്ത് അരി വരവ് നിലച്ചിരിക്കുന്ന സാഹചര്യത്തിൽ, അവിടെ അരി കിട്ടാനില്ലാത്ത ഒരു ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട് എന്നുള്ളത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അത് പരിഹരിക്കാൻ കൊല്ലം ജില്ലയിൽ മാത്രം കർശനമായ നടപടി സ്വീകരിച്ചാൽ ഈ പറഞ്ഞ ബുദ്ധിമുട്ട് ഉണ്ട് എന്നുള്ളത് പരിഹരിച്ച് ഒന്നുകിൽ എല്ലാ ജില്ലകളിലും കർശനമായി നടപ്പാക്കാനോ അല്ലെങ്കിൽ കൊല്ലം ജില്ലയ്ക്ക് ഉണ്ടായിരിക്കുന്ന പ്രത്യേക ബുദ്ധിമുട്ട് പരിഹരിക്കാനോ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : അങ്ങനെയൊരു പ്രത്യേക ബുദ്ധിമുട്ട് ഉണ്ടാകാനുള്ള സാദ്ധ്യതയില്ല. എല്ലാ ജില്ലകളിലെയും കളക്ടർമാർ ഇങ്ങനെ ചെയ്യണമെന്ന് ജില്ലാകളക്ടർമാരുടെ യോഗം വിളിച്ച് അവർക്ക് നിർദ്ദേശം നല്കിയിരിക്കുകയാണ്. ആദ്യമായി കൊല്ലം ജില്ലാകളക്ടറാണ് ഇങ്ങനെയൊരു നടപടി എടുത്തത്. അതുപോലെ കൂടുതൽ അരി കച്ചവടം നടക്കുന്ന സ്ഥലങ്ങളാണ് കൊച്ചിയും കോഴിക്കോടും, അവിടെയും ഇങ്ങനെ ചെയ്യണമെന്ന് നിർദ്ദേശം നല്കിയിരിക്കുകയാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ : കഴിഞ്ഞ മൂന്നുനാല് മാസങ്ങളായി അരിവില വർദ്ധിച്ചിട്ടുണ്ട് എന്ന് മന്ത്രി സമ്മതിച്ചു. ഈ വരുന്ന ഓണക്കാലത്ത് അരിവില വർദ്ധിക്കാതിരിക്കുന്നതിനുവേണ്ടി കാർഡ് ഉടമകൾക്ക് കൂടുതൽ അരി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാമെന്ന് ഈ സഭയ്ക്ക് ഉറപ്പു നല്കാൻ കഴിയുമോ ?

ശ്രീ. യു. എ. ബീരാൻ : ഓണക്കാലത്ത് കൂടുതൽ വില കൊടുക്കാതെ എല്ലാവർക്കും കൂടുതൽ അരി കിട്ടാൻ വേണ്ടിയുള്ള നടപടികൾ എടുക്കണമെന്ന്, ആണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുകയുമാണ്.

ശ്രീ. സി. കെ. ചക്രപാണി : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ആന്ധ്രായിൽനിന്ന് അരി വാങ്ങുന്നതിനെ സംബന്ധിച്ച്, യാതൊരു കുഴപ്പവും അഴിമതിയും ഇല്ല എന്നു പറഞ്ഞു. ചില പത്രങ്ങൾ അങ്ങനെ എഴുതിയിട്ടുണ്ട്; അത് അത്ര കാര്യമാക്കാനില്ല എന്നുള്ള രീതിയിലാണ് മന്ത്രി സംസാരിച്ചത്. പക്ഷേ ആന്ധ്രായിൽനിന്ന് വാങ്ങുന്ന അരിക്ക് മാർക്കറ്റ് നിലവാരത്തിൽനിന്ന് 30 പൈസ കൂടുന്നുണ്ട്, അത് യാഥാർത്ഥ്യമാണ്. ഈ പശ്ചാത്തലത്തിൽ വില കുറച്ചു തരാൻ തയ്യാറുള്ള സംസ്ഥാനങ്ങളിൽ നിന്ന് അരി വാങ്ങാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ : ഇന്ന സ്ഥലത്തുനിന്ന് എന്ന് പറഞ്ഞിട്ടല്ല ടെൻഡർകോട്ട് ചെയ്യാറ്, എവിടെനിന്ന് വേണമെങ്കിലും കോട്ട് ചെയ്യാം. പക്ഷേ മദ്ധ്യപ്രദേശ്, ഡൽഹി, ഹരിയാന തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള അരി മോശമായ അരിയാണ്, അത് നമ്മുടെ ആളുകൾക്ക് ഇഷ്ടമില്ല. കേരളത്തിലെ ആളുകൾ കൂടുതൽ ഇഷ്ടപ്പെടുന്നത് ആന്ധ്രായിൽ നിന്നുള്ള പുഴുക്കലരിയാണ്. അതുകൊണ്ടാണ് ആന്ധ്രായിൽ നിന്ന് അരി വാങ്ങാൻ ഉദ്ദേശിക്കുന്നത്. ഏതെങ്കിലും ഒന്നോരണ്ടോ പത്രം പ്രത്യേക താല്പര്യം വച്ച് എഴുതിയതുപോലെയല്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ടെൻഡർ കോട്ട് ചെയ്ത് ലോവസ്റ്റ് ടെൻഡർ ആര് കോട്ട് ചെയ്യുന്നുവോ അവർക്കാണ് അത് കൊടുക്കുന്നത്. അതിൽ വേറെ യാതൊരുവിധ തകരാറുമില്ല.

ശ്രീ. സി. കെ. ചക്രപാണി : സർ, ആന്ധ്രാ അരി വാങ്ങിക്കുന്നതിന് കമ്മീഷൻ ഉണ്ടെന്ന് പറയുന്നത് കേട്ടു. അത് ശരിയാണോ ?

ശ്രീ. യു. എ. ബീരാൻ : ടെണ്ടർ കൊടുക്കുന്നതിൽ യാതൊരു കമ്മീഷനുമില്ല.

ശ്രീ. കെ. മൂസ്സക്കുട്ടി : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു അരിയുടെ വില മാത്രമല്ല നിത്യോപയോഗ സാധനങ്ങളുടെ വിലയും വർദ്ധിക്കുമെന്ന്. എന്നാൽ മാവേലിസ്റ്റോറുകളിൽ നിന്ന് സ്ഥിരമായി കൊടുക്കുന്നത് അരിയും പാമോലിനും മാത്രമാണ്. ഇതിനോടൊപ്പം നിത്യോപയോഗസാധനങ്ങളും കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കണം. അരി വന്നുവെന്നറിഞ്ഞാൽ ഉടൻ മാവേലിസ്റ്റോറുകൾ അടച്ചിടുന്ന നടപടിക്രമമുണ്ട്. അത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിനും നിത്യോപയോഗ സാധനങ്ങൾ മാവേലിസ്റ്റോറുകളിൽ കൂടി വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് നന്നായി. മാവേലി സ്റ്റോറുകളിൽ അരിയും പാമോലിനും മാത്രമല്ല നിത്യോപയോഗസാധനങ്ങളും കൊടുക്കുന്നുണ്ട്. അരിയും നല്ല മുളകും മല്ലിയും ഒക്കെ അവിടെ കൊടുക്കുന്നുണ്ട്. പക്ഷേ നമ്മുടെ ആളുകൾ ഗൗരിയമ്മ പറഞ്ഞതുപോലെ അരി വാങ്ങിക്കാനും പാമോയിൽ വാങ്ങിക്കാനുമാണ് തിരക്ക് കൂട്ടുന്നത്. നല്ല സാധനങ്ങൾ അവിടെയുണ്ട്. പലവ്യഞ്ജനങ്ങൾ പലതുമുണ്ട്. അതൊക്കെ എല്ലാവരും വാങ്ങിക്കണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. ഇ. കെ. നായനാർ : തിരുവനന്തപുരം പാളയം മാർക്കറ്റിൽ ചാക്കരിക്ക് കിലോക്ക് 4.80 രൂപയും കുത്തരിക്ക് 5.60 രൂപയുമാണ്. ഇത്രയും വില വർദ്ധിച്ചു. ഓണത്തിന് ഇനിയും വില വർദ്ധിക്കും പൊതുവിതരണ സമ്പ്രദായം പുറത്തെ വില കുറക്കാനാണ്. ഇപ്പോൾ പുറത്തെ വില കൂടിക്കൊണ്ടിരിക്കുകയാണ്. കുറഞ്ഞവിലക്ക് നെല്ലും വിതരണം ചെയ്താൽ പുറത്തെ വില കുറയണം. പക്ഷേ പുറത്ത് വില കൂടികൊണ്ടിരിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം പുഴുകുത്തിയ അരിയും ഇരുമ്പരിയും റേഷൻകടകളിൽ കൂടി വിതരണം നടത്തുന്നതിനെപ്പറ്റി ഞാൻ ആരോപണം ഉന്നയിച്ചു. ഇന്ന് ഞാൻ അത് കൊണ്ടുവന്നിട്ടില്ല. അത് പൂർണ്ണമായി അവസാനിപ്പിക്കാനുള്ള നടപടികൾ ഗവൺമെന്റ് എത്ര കണ്ട് എടുത്തിട്ടുണ്ട്; കേന്ദ്രത്തിൽ നിന്ന് കൂടുതൽ അരി വാങ്ങിച്ചുകൊണ്ട് പുറത്തെ വില കുറക്കാനും, വിതരണം നന്നാക്കാനും വേണ്ട നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ : ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ഇങ്ങോട്ടു തരുന്ന അരി നല്ല അരിയായിരിക്കണമെന്ന്, നമ്മൾ വളരെ നിർബന്ധ പൂർവ്വം നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഏതെങ്കിലും പ്രദേശത്ത് മോശമായിട്ടുള്ള അരിയാണ് കിട്ടിയതെങ്കിൽ ഇനി ഇത് അങ്ങോട്ട് അയക്കരുതെന്നു പറഞ്ഞിട്ടുണ്ട്. അത് നിർത്തിക്കഴിഞ്ഞു. ഇരുമ്പരിയുടെ കാര്യം പ്രതിപക്ഷനേതാവ് ഇവിടെ വരുന്നതിനു മുൻപ് പറഞ്ഞതാണ്. ഇരുമ്പരി ഇങ്ങോട്ട് അയക്കരുതെന്ന് തീരുമാനിക്കുകയും അറിയിക്കുകയും ചെയ്ത അവസരത്തിൽ കുറച്ച് പഞ്ചാബ് സൂപ്പർഫൈൻ ബോയിൽഡ് റൈസ് ഇവിടെ സ്റ്റോക്ക് ഉണ്ടായിരുന്നു. അതാണ് ഇപ്പോഴും പല സ്ഥലത്തും കൊടുത്തുകൊണ്ടിരിക്കുന്നത്. അത് കഴിയുന്നത്ര വിതരണം ചെയ്യരുതെന്ന് അവരോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇവിടെ വിതരണം ചെയ്യാൻ അരി വേണമെന്നുള്ളതാണ് ബുദ്ധിമുണ്ട്.

പിന്നെ പ്രതിപക്ഷനേതാവ് ഇവിടെ ഓണക്കാലത്തെ കാര്യം പറഞ്ഞു. ഓണക്കാലത്ത് കൂടുതൽ അരി എല്ലാ റേഷൻകാർഡ് ഉടമകൾക്കും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. അതിനുവേണ്ടി നമ്മുടെ അലോട്ട്മെൻറ് വർദ്ധിപ്പിക്കണമെന്ന് നിരന്തരമായി അവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. കെ. നായനാർ : കേന്ദ്ര ഗവൺമെൻറിൽ നിന്ന് ഇപ്പോൾ എത്ര അരിയാണ് കിട്ടുന്നത്; കൂടുതൽ ആനുകൂല്യം കിട്ടുമോ ?

ശ്രീ. യു. എ. ബീരാൻ : ഞാൻ ഇവിടെ പറഞ്ഞു. ജൂൺമാസത്തിൽ അയ്യായിരം കൂടി, ജൂലൈമാസത്തിൽ പതിനായിരം കൂടി, ഓഗസ്റ്റ് മാസത്തിൽ പതിനയ്യായിരം കൂടി.

ശ്രീ. ഇ. കെ. നായനാർ : ഒരുമാസം ടോട്ടൽ എത്ര അരി തരുന്നുണ്ട് ?

ശ്രീ. യു. എ. ബീരാൻ : ഒരു ലക്ഷത്തി പതിനായിരം ടണ്ണാണ് നമ്മുടെ അലോട്ട്മെൻറ്.

ശ്രീ. എം. എം. ഹസ്സൻ : സർ, സഹകരണ മാവേലിസ്റ്റോറുകൾ കൂടുതൽ ആരംഭിച്ച് പ്രോത്സാഹിപ്പിക്കാനുള്ള നയമാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത് എന്ന് മന്ത്രി ഇവിടെ പറഞ്ഞു. സിവിൽ സപ്ലൈസ് കോർപ്പറേഷൻറെ സെയിൽസ് ഔട്ട് ലെറ്റുകൾക്ക് നൽകുന്ന സൗജന്യങ്ങളും പരിഗണനയും മാവേലിസ്റ്റോറുകൾക്ക് നൽകുന്നില്ല എന്ന് വ്യാപകമായി പരാതി ഉണ്ടായിട്ടുണ്ട്. ഒരു സഹകാരി കൂടി ആയിരുന്ന അങ്ങ് സിവിൽ സപ്ലൈസ് കോർപ്പറേഷൻറെ കൂടി ചുമതല വഹിക്കുമ്പോൾ ഗവൺമെൻറ് സഹകരണമാവേലി സ്റ്റോറുകളോട് ചിറ്റമ്മനയം സ്വീകരിക്കുന്നു എന്നുള്ള പരാതി ഉണ്ടായിട്ടുണ്ട്. അതിനെക്കുറിച്ച് കൂടുതൽ അന്വേഷിക്കാനും, അത് പരിഹരിക്കാനും അവർക്ക് കൂടുതൽ സൗജന്യങ്ങൾ നൽകാനും നടപടികൾ സ്വീകരിക്കുമോ ?

ശ്രീ യു .എ. ബീരാൻ : സഹകരണ മാവേലിസ്റ്റോറുകളോട് അങ്ങനെയൊരു നയം സ്വീകരിക്കുന്നില്ല, അത് തെറ്റായ ധാരണയിൽനിന്നും ഉണ്ടായതാണ്. സഹകരണവകുപ്പിലെ ഉദ്യോഗസ്ഥൻമാരേയും സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഉദ്യോഗസ്ഥൻമാരേയും കേരളാ സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്കിൻറെ ചെയർമാനേയും അതുപോലെ എല്ലാ പ്രവർത്തകരേയും വിളിച്ചുകൂട്ടി സഹകരണമന്ത്രിയുടെ നേതൃത്വത്തിൽ ഞങ്ങൾ രണ്ടുപേരും .ഇതിനെ സംബന്ധിച്ച് ഒരു യോഗം നടത്തി. ഇങ്ങനെയുള്ള പോരായ്മകൾ യോഗം ചേർന്ന് പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : സർ, ഞാൻ ഒരു മാവേലി സ്റ്റോർ നടത്തുന്ന സഹകരണസംഘത്തിന്റെ പ്രസിഡൻറാണ്. ഞങ്ങൾക്ക് കഴിഞ്ഞ മൂന്നു മാസമായി ഒരുമണി അരിപോലും കിടിയിട്ടില്ല. ഇരുമ്പരി തരാമെന്ന് പറഞ്ഞു, അതുകൊണ്ട് അരിയെടുത്ത് വിതരണം ചെയ്യാതിരിക്കുകയാണ്. ഇരുമ്പരി സ്റ്റോക്ക് ചെയ്തതിന്റെ ഫലമായിട്ട് പതിനായിരം രൂപ ആ സംഘത്തിന് നഷ്ടംവന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽനിന്ന് സാധനങ്ങൾ കൊടുക്കുന്നുണ്ടെന്ന് പറഞ്ഞു. മുളക് മറ്റ് സാധനങ്ങൾക്കെല്ലാം ഓപ്പൺ മാർക്കറ്റിനേക്കാൾ പത്ത്, ഇരുപത്, മുപ്പത് പൈസ കൂടുതലിനാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൊടുക്കുന്നത്. ഇതിന്റെ കാളിറ്റി മോശമാണെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : ബഹുമാനപ്പെട്ട മെമ്പറുടെ ധാരണ ശരിയല്ല. പല സാധനങ്ങൾക്കും വില പൊതുമാർക്കറ്റിലേതിനെക്കാൾ കുറവാണ്. ചില ഐറ്റംസിന് അധികം വിലയുണ്ടായിരിക്കാം. ഞാൻ അത് സമ്മതിക്കുന്നു. വില വളരെയധികം കുറവാണെന്നു മാത്രമല്ല, നല്ല കാളിറ്റിയുള്ള സാധനങ്ങളാണ്. നല്ല കാളിറ്റിയുള്ള സാധനങ്ങൾ വിലകുറച്ച് കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഇത് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. ജി. വരദൻ : ഡിസ്ട്രിക്ട് കളക്ടർമാരുടെ ചുമതലയിൽ, അവർ കൊടുക്കുന്ന ലിസ്റ്റ് അനുസരിച്ച് എല്ലാ സ്ഥലങ്ങളിലും മാവേലി സ്റ്റോറുകൾ തുടങ്ങാമെന്ന് പറഞ്ഞു. എന്റെ നിയോജക മണ്ഡലത്തിൽ ഒരു എസ്റ്റേറ്റ് ഉണ്ട്. മൂന്നു കൊല്ലമായി ഒരു മാവേലി സ്റ്റോർ അവിടെ തുടങ്ങുമെന്ന് പറഞ്ഞിട്ട് അതിന് യാതൊരു നടപടിയും ഉണ്ടായില്ല. ഞാൻ ലിസ്റ്റ് തരാം. ബഹുമാനപ്പെട്ട മന്ത്രി കളക്ടറോട് റെക്കമൻറ് ചെയ്താൽ അവിടെ കിട്ടും. അവിടെയുള്ള പാവപ്പെട്ടയാളുകൾക്ക് മാവേലി സ്റ്റോറിൽനിന്നും നല്ല സാധനങ്ങൾ കിട്ടാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതനുസരിച്ച് ജൂലൈ മാസത്തിൽ ജില്ലാ കളക്ടറും ജോയിൻറ് രജിസ്ട്രാറും അടങ്ങിയിട്ടുള്ള കമ്മിറ്റി അത് ചെയ്യണമെന്ന് പറഞ്ഞ് അയച്ചിരിക്കുകയാണ്. അവരോട് ആവശ്യപ്പെട്ടാൽ അവിടെ മാവേലി സ്റ്റോർ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടാൽ സ്വാഭാവികമായിട്ട് അത് തുടങ്ങാം. അതിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ല. ബുദ്ധിമുട്ട് ഉണ്ടാകുകയാണെങ്കിൽ അറിയിക്കുകയാണെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാം.

ശ്രീ. കെ. ടി. കണാരൻ : 1980-81 കാലത്ത് നമ്മുടെ സംസ്ഥാനത്തെ മുതിർന്ന ഒരാൾക്ക് 320 ഗ്രാം അരിയാണ് കൊടുത്തുകൊണ്ടിരുന്നത്. ഈ ഗവൺമെൻറ് വന്നതിനുശേഷം അത് 200 ഗ്രാമായിട്ട് കുറച്ചു. അരിയുടെ വില ഇരുപത്, മുപ്പത് ശതമാനം വർദ്ധിച്ചുവെന്ന് മന്ത്രി നിയമസഭയിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഓണക്കാലത്തെങ്കിലും അരി റേഷൻതോത് 320 ഗ്രാമായിട്ട് വർദ്ധിപ്പിക്കുമോ ? അങ്ങനെ ചെയ്താൽ അരിവില തടഞ്ഞുനിർത്താൻ കഴിയും. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : ഞാൻ ഇവിടെ പല പ്രാവശ്യം പറഞ്ഞതാണ്. ബഹുമാനപ്പെട്ട മെമ്പർ ധരിക്കുന്നതുപോലെ 320 ഗ്രാം കൊടുക്കണമെങ്കിൽ രണ്ടു ലക്ഷത്തി പതിനായിരം ടൺ അരി വേണം. അത് ഒരിക്കലും ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടില്ല. പണ്ട് 320 ഗ്രാം കിട്ടുമെന്ന് പറഞ്ഞാൽ അത് എല്ലാ ആളുകൾക്കും കിട്ടുമായിരുന്നില്ല. അത് മാറ്റി എല്ലാവർക്കും ഒരുപോലെ, സോഷ്യലിസ്റ്റ് തത്വം അനുസരിച്ച് കൊടുക്കാനാണ് തീരുമാനമെടുത്തിട്ടുള്ളത്.

ശ്രീ. കെ. ടി. കുമാരൻ : വില വർദ്ധനവ് യാതൊരു ലക്കുംലഗാനും ഇല്ലാതെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിനുവേണ്ടി ഇതിന്റെ സംഭരണവും വിതരണവും ഗവൺമെന്റ് ഏറ്റെടുത്ത് നടത്തുന്നതിനുവശ്യമായിട്ടുള്ള നടപടികൾ കേന്ദ്രഗവൺമെന്റിനെക്കൊണ്ട് അംഗീകരിപ്പിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : നിത്യോപയോഗ സാധനങ്ങളുടെ മുഴുവൻ വിതരണവും ഏറ്റെടുത്ത് നടത്താൻ ഗവൺമെന്റിന് സാധിക്കുകയില്ല. അത് കേന്ദ്രത്തോട് ആവശ്യപ്പെട്ടാലും നടക്കുകയില്ല. നമ്മുടെ സംസ്ഥാനത്ത് പരമാവധി 25 ശതമാനം വില്പനയും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കൊണ്ടുവരണമെന്നാണ് ആഗ്രഹിക്കുന്നത്. ഇപ്പോൾ പത്ത്, പന്ത്രണ്ട് ശതമാനം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആയിട്ടുണ്ട്. ഭക്ഷ്യഎണ്ണയുടെ വിതരണം 25 ശതമാനം ആക്കിയെങ്കിലും അരിയുടെ പത്ത്-പന്ത്രണ്ട് ശതമാനമേ ആയിട്ടുള്ളു. 25 ശതമാനം വിതരണം പൊതുമേഖലയിൽ കൊണ്ടുവരണമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, പൊതുജനങ്ങളുടെ സൗകര്യത്തിനു വേണ്ടി കൂടുതൽ മൊബൈൽ സ്റ്റോറുകൾ തുടങ്ങുന്നകാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : സർ, മാവേലി മൊബൈൽ സ്റ്റോറുകൾ വർദ്ധിപ്പിക്കുന്നതാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, അരിയുടെ വില പരസ്യമാർക്കറ്റിൽ വർദ്ധിക്കാതിരിക്കാനുള്ള നടപടികളെക്കുറിച്ചാണല്ലോ ചോദ്യം. പശപ്പച്ചരി വിതരണം ചെയ്യുന്നകാര്യം ഞാൻ കഴിഞ്ഞ പ്രാവശ്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതിന്റെ സാമ്പിളും കൊണ്ടുവന്നിരുന്നു. മട്ടാഞ്ചേരി-പള്ളുരുത്തി ഭാഗങ്ങളിൽ കഴിഞ്ഞ ഒരു മാസമായി പശപച്ചരിയാണ് വിതരണം ചെയ്യുന്നത്. അതിന്റെ ഫലമായി മറ്റ് സ്ഥലങ്ങളെക്കാൾ അവിടെ പരസ്യമാർക്കറ്റിൽ ഒന്നര രൂപവരെ അരിക്ക് വില വർദ്ധനവുണ്ട്. ഈ പശപച്ചരി കൊടുക്കാതിരുന്നാൽ നാട്ടിൽ അരിയുടെ വില ലേശം കുറയുമെന്നുള്ളതുകൊണ്ട് ഇതു കൊടുക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : സർ, ഞാനിത് പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. ഇരുമ്പരിയും പശപച്ചരിയും ഇങ്ങോട്ട് അയക്കരുതെന്ന് എഫ്. സി. ഐ. ക്കാരോട് നിർബന്ധമായി നിരവധി പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. പക്ഷേ എവിടെ നിന്നെങ്കിലും അവരത് ഇങ്ങോട്ടയയ്ക്കും. ഇവിടെ എത്തിക്കഴിഞ്ഞാൽ പിന്നെ എന്തു ചെയ്യാനാണ് ? അത് അയക്കാൻ പാടില്ലെന്നു നമ്മൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലേക്ക് പുഴുക്കലരിതന്നെ അയക്കണമെന്ന് നിർബന്ധമായും ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, മാറാലപിടിച്ചുകിടക്കുന്ന മാവേലി സ്റ്റോറുകളുടെ പ്രവർത്തനം മാവേലിയുടെ വരവോടുകൂടിയെങ്കിലും കാര്യക്ഷമമാക്കി നിത്യോപയോഗ സാധനങ്ങൾക്ക് വില കുറച്ച് നൽകുവാൻ നടപടി എടുക്കുമോ ? ഇരിങ്ങാലക്കുട പട്ടണത്തിൽ ഒരു മാവേലി സ്റ്റോർ കൂടി അനുവദിക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ : സർ, ബഹുമാനപ്പെട്ട നമ്പാടൻ മാസ്റ്റർ പറഞ്ഞതുപോലെ മാവേലി വരുമ്പോഴെങ്കിലും നമ്മുടെ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ നന്നാകുമെന്ന് നമുക്കു പ്രതീക്ഷിക്കാം. ഇരിങ്ങാലക്കുടയിൽ പുതിയ മാവേലി സ്റ്റോർ തുടങ്ങാൻ കഴിയുമോ എന്നകാര്യം ആലോചിച്ചേ പറയാൻ പറ്റൂ.

ശ്രീ. എം. വി. രാഘവൻ : സർ, ആന്ധ്രയിൽനിന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷനും വെയർഹൗസിംഗ് കോർപ്പറേഷനും അരി വാങ്ങിയിരുന്നു. ഈ രണ്ട് കോർപ്പറേഷനും വാങ്ങുന്നതുതമ്മിൽ വിലയ്ക്ക് വ്യത്യാസമുണ്ടോ ? ഇങ്ങനെ വെയർഹൗസിംഗ് കോർപ്പറേഷൻ ഇപ്പോഴും വാങ്ങുന്നുണ്ടോയെന്നറിയില്ല. മുമ്പ് അരി വാങ്ങിയിരുന്നതിൽ 30 പൈസയുടെ ഡിഫറൻസ് ഉണ്ടായിരുന്നു എന്നു പറയുന്നത് ശരിയാണോ ?

ശ്രീ. യു. എ. ബീരാൻ : സർ, വെയർഹൗസിംഗ് കോർപ്പറേഷന്റെ വില എന്താണെന്ന് അറിഞ്ഞുകൂടാ.

പോലീസ് സ്റ്റേഷനിലെ വാഹനങ്ങൾക്ക് നൽകിവരുന്ന ഡീസൽ/പെട്രോൾ

*288. [346] ശ്രീ. രമേശ് ചെന്നിത്തല :
,, കെ. കെ. തോമസ് :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, കെ. രാഘവൻ മാസ്റ്റർ :
,, ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനിലെ ഒരു വാഹനത്തിന് പ്രതിവർഷം ശരാശരി എത്ര ലിറ്റർ ഡീസൽ/പെട്രോൾ നൽകിവരുന്നു ;

(ബി) ഡീസൽ/പെട്രോൾ ഇവ ആവശ്യത്തിന് ലഭിക്കാത്തതുമൂലം പോലീസ് വാഹനങ്ങൾ സ്റ്റേഷനിൽ ഇട്ടിട്ട്, പരാതിക്കാരിൽനിന്നും പ്രതികളിൽനിന്നും വാഹനം വാങ്ങി പോലീസ് ഉദ്യോഗസ്ഥൻമാർ ഉപയോഗിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് ഒഴിവാക്കുന്നതിനും ഡീസൽ/പെട്രോൾ നൽകുന്നതിനും പെട്രോൾ ബങ്കുകൾക്ക് കൃത്യമായി പണം നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

(എ) ശരാശരി 2,000 ലിറ്റർ വീതം നൽകിവരുന്നു.

(ബി) ഇങ്ങനെ ചില ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്.

(സി) പരാതിക്കിടവരാൻ പാടില്ലെന്നു നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. തോമസ് : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ കണക്കനുസരിച്ച് ഒരു ദിവസത്തേക്ക് 7 ലിറ്റർ എണ്ണയാണ് ഒരു സ്റ്റേഷനിലെ വാഹനത്തിന് കിട്ടുന്നത്. വിസ്തൃതമായ പ്രദേശങ്ങൾ അധികാരാതിർത്തി ആയിട്ടുള്ള സ്റ്റേഷനുകൾക്ക് ഇത് മതിയാവുകയില്ല. ഇത് കണക്കിലെടുത്ത് എണ്ണയുടെ അളവ് കൂട്ടിക്കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly